## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ താനൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ യു.ഡി ക്ലാർക്കായി ജോലിനോക്കവെ രോഗം ബാധിച്ച് മരണമടഞ്ഞ എം.വി രാജുവിന് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം അനുവദിച്ചത് - ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**2744/2018/തസ്വഭവ** **തീയതി, തിരുവനന്തപുരം,27/10/2018.**

---

പരാമർശം : 20/07/2018 ലെ സ.ഉ (സാധാ) നം.1974/2018/തസ്വഭവ.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ താനൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ യു.ഡി ക്ലാർക്കായി ജോലിനോക്കവെ രോഗം ബാധിച്ച് മരണമടഞ്ഞ എം.വി രാജുവിന് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി 66,500/- രൂപ (അറുപത്തി ആറായിരത്തി അഞ്ഞൂറു രൂപാ മാത്രം) പരാമർശ സർക്കാർ ഉത്തരവ് പ്രകാരം 1960 ലെ KGSMA റൂൾസിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ താനൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം അനുവദിച്ചിരുന്നു. സൂഷ്മ പരിശോധനയിൽ മെഡിക്കൽ ബില്ലുകൾ ആരോഗ്യവകുപ്പ് ഡയറക്ടർ പരിശോധിച്ച് സമർപ്പിച്ച സാക്ഷ്യപത്ര പ്രകാരം ബേബി മെമ്മോറിയൽ ആശുപത്രിയിലെ ചികിത്സയ്ക്ക് ചെലവായ 54.093 രൂപയിൽ 22. 01 9 രൂപയും റിംസ് ആശുപത്രിയിലെ ചികിത്സയ്ക്ക് ചെലവായ 91,192 രൂപയിൽ 44,481 രൂപയും ഉൾപ്പെടെ 66.500/- ( അറുപത്തി ആറായിരത്തി അഞ്ഞൂറു രൂപ മാത്രം ) അനുവദനീയമാണെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ 80% ആയ 53,200/- രൂപയാണ് അനുവദിക്കേണ്ടിയിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശ സർക്കാർ ഉത്തരവിലെ 3-ാം ഖണ്ഡികയിൽ മലപ്പുറം ജില്ലയിലെ താനൂർ ഗ്രാമപഞ്ചായത്തിലെ യു . ഡി ക്ലാർക്കായിരിക്കെ മരണപ്പെട്ട എം . വി രാജുവിന്റെ ചികിൽസ നടത്തിയ ഇനത്തിൽ ചെലവായ തുക ആരോഗ്യവകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം

അനുവദനീയമാണെന്ന് കണ്ടെത്തിയ തുകയായ 66,500 രൂപയുടെ 80% ആയ 53,200/- (അമ്പത്തി മൂവായിരത്തി ഇരുന്നൂറ് രൂപ മാത്രം) 1960 ലെ KGSMA റൂൾസിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ താനൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആയി അനുവദിച്ച് നൽകുന്നതിനും മെഡിക്കൽ റീഇംപേഴ്സ്മെന്റ് തുക കൈപറ്റിയിട്ടുണ്ടെങ്കിൽ അധികമായി കൈപറ്റിയ തുക തിരിച്ച് അടയ്ക്കണം എന്ന നിബന്ധനയോടെ പരാമർശ ഉത്തരവിലെ ഖണ്ഡിക (2),(3) ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**

**ഗവ. അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ) കേരള, ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
ശ്രീമതി.രുഗ്മിണി, W/o Late എം.വി രാജു, കാട്ടിലെപറമ്പിൽ (H),കാട്ടിലങ്ങാടി സ്ട്രീറ്റ്, താനൂർ പി.ഒ, മലപ്പുറം - 676302
ആരോഗ്യകുടുംബക്ഷേമ വകുപ്പ് (05/01/2013 ലെ 43678/G2/2011/H&FWD പ്രകാരം)
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No.212/EPA3/15/LSGD)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ